പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 281** — **25.04.2017-ൽ മറുപടിയ്ക്ക്**

**ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം**

| ചോദ്യം. ശ്രീ.എൻ.എ.നെല്ലിക്കുന്ന് : | ഉത്തരം കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച സർക്കാർ ഇറക്കിയ ഉത്തരവിനെതിരെ മെഡിക്കോ ലീഗൽ സൊസൈറ്റി ഓഫ് കേരള നൽകിയതായി 17.10.2016 - ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2854 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ള ഹർജിയുടെ ഉള്ളടക്കം എന്താണെന്ന് പഠിച്ചിട്ടുണ്ടോയെന്നും എങ്കിൽ വിശദാംശം നൽകാമോയെന്നും 14-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 6482 ചോദ്യത്തിൽ ഞാൻ ആരാഞ്ഞിരുന്നു. പ്രസ്തുത ഹർജിയുടെ കോപ്പി ലഭ്യമാക്കാമോ; | (എ) കേരള മെഡിക്കോ - ലീഗൽ സൊസൈറ്റിക്ക് അധിക മനുഷ്യ വിഭവശേഷി, കൃത്രിമ വെളിച്ചം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കാതെ 5.00 PM-ന് ശേഷം പോസ്റ്റ്മോർട്ടം ചെയ്യാൻ നിർബന്ധിക്കരുത് എന്നതാണ് ഡബ്ല്യു.പി.സി.33874/2015-ാം നമ്പർ ഹർജിയുടെ ഉള്ളടക്കം. ടി ഹർജിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പ്രസ്തുത കേസിൽ മെഡിക്കോ ലീഗൽ സൊസൈറ്റി ഓഫ് കേരളയ്ക്ക് വേണ്ടി കോടതിയിൽ ഹാജരായ അഭിഭാഷകൻ ആരായിരുന്നു; പ്രസ്തുത കേസിൽ സർക്കാരിനു വേണ്ടി ഹാജരായ അഭിഭാഷകൻ ആരായിരുന്നു; കോടതി ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ എന്നും ഞാൻ ചോദിച്ചിരുന്നു. വിവരം ശേഖരിച്ചു വരുന്നു എന്നാണ് മറുപടി ലഭിച്ചത്. വിവരം ശേഖരിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ പൂർണ്ണരൂപം ലഭ്യമാക്കാമോ? | (ബി) അഡ്വ.ജയശങ്കർ, അഡ്വ.മനു ഗോവിന്ദ് എന്നീ അഭിഭാഷകർ ഹർജിക്കാർക്ക് വേണ്ടിയും മുൻ സ്റ്റേറ്റ് അറ്റോർണി ശ്രീ.പി.വിജയരാഘവനെ പ്രതിനിധീകരിച്ച് മുൻ ഗവൺമെന്റ് പ്ലീഡർ ശ്രീ.പി.പി.പത്മാലയൻ സർക്കാരിനു വേണ്ടിയും പ്രസ്തുത കേസിൽ ഹാജരായിട്ടുണ്ട്. കോടതി ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. കേസിലെ എതിർകക്ഷികളിൽ നിന്നും കേസുമായി ബന്ധപ്പെട്ട പൂർണ്ണമായ വിവരങ്ങൾ ലഭിക്കുന്നതിൽ സംഭവിച്ച കാലതാമസമാണ് 'വിവരം ശേഖരിച്ചു വരുന്നു' എന്ന മറുപടി നൽകാൻ കാരണമായതെന്നതിനാൽ അതിന്റെ (ചോദ്യം 6482-നുള്ള) പൂർണ്ണ മറുപടി താമസംവിനാ പ്രത്യേകം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്